MR. KANNARA GOPALA PANICKER (*Thiruvalla II—General*): ആലപ്പുഴ പോർട്ട് എവിടെ മുതൽ എവിടെ വരെയാണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : ആലപ്പുഴ പോർട്ടിൽനിന്നും ഈ ആണ്ടിൽ എത്ര കാർഗോ കയറ്റി അയച്ചിട്ടുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI : അതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഇപ്പോൾ കൈവശം ഇല്ല.

Paddy purchase.

*606. MR. K. RAMAKRISHNA ACHARI (*Nedumangad II—Kammala*) : Will the Hon'ble Minister for Food be pleased to state :

Whether the Hon'ble Minister be pleased to state whether Government or the authorities of the Food Department have taken from the date when paddy purchase was started to date a census of the total extent of Nanjai lands owned in Travancore by all the persons in each house ?

HON'BLE MR. V. O. MARKOS : ചോദ്യം വ്യക്തമല്ലാത്തതുകൊണ്ട് മറുപടി പറയാൻ നിവൃത്തിയില്ല.

ശബരിമല സ്പെഷ്യൽ സർവ്വീസ്.

607. MR. S. KUTTAN (*Neyyattinkara I—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഈ വർഷം ശബരിമല സ്പെഷ്യൽ സർവീസിൽനിന്നും ഉണ്ടായിട്ടുള്ള വരവെത്ര ?

(ബി) ക ക ക൯ മുതൽ ക ക ഫ വരെ ഉള്ള ഓരോ കൊല്ലത്തിലും ആ ഇനത്തിൽ എന്തു വരവുണ്ടായിരുന്നു.

(സി) ഇക്കൊല്ലം എത്ര ബസ്സുകളാണ് ഡിപ്പാർട്ടുമെൻറിൽ നിന്നും ശബരിമല സ്പെഷ്യൽ സർവ്വീസിനു അയച്ചിട്ടുള്ളത് ?

(ഡി) ക ക ഫവ മുതൽ ക ക ഫ വരെ ഓരോ ആണ്ടിലും എത്ര ബസ്സുകൾ വീതം ശബരിമല സ്പെഷ്യൽ സർവ്വീസിനു അയച്ചിട്ടുണ്ട് ?

(ഇ) കഴിഞ്ഞ ഒന്നു രണ്ടു തവണകളായി ഈ പ്രത്യേക നയം സ്വീകരിക്കുവാൻ വിശേഷാൽ കാരണം ഉണ്ടോ ?

(എഫ്) ഉണ്ടെങ്കിൽ എന്ത് ?

LIBRARY ARCHIVES Kerala Legislative Assembly